# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2523 | 05.02.2018 -ൽ മറുപടിക്ക്

## ഉത്തരവാദിത്ത ടൂറിസം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.വി. അൻവർ<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. സി. കെ. ശശീന്ദ്രൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തിന്റെ ടൂറിസം മേഖലയിൽ ഉത്തരവാദിത്ത ടൂറിസം ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) പ്രദേശവാസികൾക്ക് വരുമാനദായകമായ തൊഴിലും വികസനവും ഉറപ്പ് വരുത്തുന്ന തരത്തിൽ വിനോദസഞ്ചാര വികസനം സാധ്യമാക്കുമെന്ന വിനോദസഞ്ചാരനയത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുന്ന പ്രധാന പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം. പ്രസ്തുത പദ്ധതിയുടെ സ്ഥിരവും സ്ഥായിയും ഫലപ്രദവുമായ നിർവ്വഹണത്തിനായി സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ ഇപ്പോൾ ടൂറിസം ഡയറക്ടറേറ്റിലും ജില്ല / ഡെസ്റ്റിനേഷൻ ഓഫീസുകളിലും വിവിധ ജില്ലകളിലുമായി പ്രവർത്തിച്ചു വരുന്നു. ഫെബ്രുവരി മാസത്തോടെ ജില്ലകളിലെ മിഷൻ ജീവനക്കാരുടെ നിയമന നടപടിക്രമങ്ങൾ പൂർത്തിയാകും. ജനകീയവും ഉത്തരവാദിത്ത പൂർണ്ണവും സുസ്ഥിരവുമായ ടൂറിസം വികസനമെന്ന കാഴ്ചപ്പാടിലേയ്ക്ക് നാടിനെ നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിരിക്കുന്നത്. സംസ്ഥാനത്ത് ചുരുക്കം ചില കേന്ദ്രങ്ങളിൽ മാത്രമായി നടന്നു വന്നിരുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുക എന്നതാണു ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. ഇതുവഴി ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശവാസികൾക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി 5 വർഷം കൊണ്ട് 1,00,000 പേർക്ക് കൃഷി, ഉല്പാദനം, വിപണനം, പരമ്പരാഗത ഉൽപ്പന്നങ്ങളുടെ ടൂറിസം മേഖലയിലെ വിപണനം, കരകൗശല വസ്തുക്കളുടെ ഉത്പാദന വിപണനം, സുവനീർ ഉത്പാദന വിപണനം, ആക്സസിബിൾ ടൂറിസം പാക്കേജുകളുടെ രൂപീകരണ വിപണനം, ടൂറിസം റിസോഴ്സ് |

മാപ്പിംഗ്, ടൂറിസം റിസോഴ്സ് ഡയറക്ടറിയുടെ പ്രസിദ്ധീകരണം, കൾച്ചറൽ പാക്കേജുകൾ, വേസ്റ്റ് മാനേജ്മെന്റിനായി ടൂറിസം കേന്ദ്രങ്ങളിലെ നിർമ്മാണവും ഇതര സ്ഥിര സംവിധാനങ്ങളുടെ മേൽനോട്ടവും, ഉൽപ്പന്ന വിപണന സംവിധാനത്തിനായി ഉത്തരവാദിത്ത ടൂറിസം നെറ്റ് വർക്ക്, കൾച്ചറൽ ഫോറം, ടൂറിസം മേഖലകളിലെ തൊഴിൽ ലഭ്യമാക്കുന്നതിനായി ആർ.ടി ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി ഇതിനായുള്ള മൊബൈൽ ആപ്പുകൾ, ഓൺ ലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ തൊഴിൽ ലഭ്യമാക്കും. വ്യാപകമായ അവബോധശിൽപശാലകളും ജനകീയ പങ്കാളിത്തത്തോടെയുള്ള ടൂറിസം ആസൂത്രണത്തിനായുള്ള പ്രവർത്തനങ്ങളും രൂപപ്പെടുത്തുക എന്നത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യങ്ങളാണ്. മാനവ വിഭവശേഷി വികസിപ്പിക്കുന്നതിനായി കുറഞ്ഞത് 50,000 പേർക്കു തൊഴിൽ പരിശീലനം നൽകാനും മിഷന് ചുമതലയുണ്ട്. ടൂറിസം കേന്ദ്രങ്ങളെ മാലിന്യവിമുക്ത കേന്ദ്രങ്ങളാക്കാനും സ്കൂൾതലം മുതൽ ഉത്തരവാദിത്ത പൂർണമായ ടൂറിസം സംസ്കാരം വളർത്തിക്കൊണ്ട് വരുന്നതിനുമായി ടൂറിസം ക്ലബ്ബുകൾ ആരംഭിക്കുന്നതിനു ഉത്തരവാദിത്ത ടൂറിസം മിഷൻ ലക്ഷ്യമിടുന്നു. എല്ലാ ടൂറിസം അക്കോമൊഡേഷൻ യൂണിറ്റുകൾക്കും ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ നടപ്പാക്കുക, ഭിന്നശേഷി സൗഹൃദ ടൂറിസം കേന്ദ്രമായി കേരളത്തെ മാറ്റുക, ഹോംസ്റ്റേ, ഫാം സ്റ്റേ എന്നിവ പ്രോൽസാഹിപ്പിക്കുക, പ്രാദേശിക ഉൽപ്പന്നങ്ങൾ ടൂറിസം മേഖലയിൽ വിപണനം ചെയ്യാൻ സൗകര്യം ഒരുക്കുക, ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട യാത്രാനുഭവങ്ങൾ സമ്മാനിക്കാൻ കഴിയുംവിധം നൂതനമായ ടൂർ പാക്കേജുകൾ തയ്യാറാക്കി വിപണനം നടത്തുക, ഗ്രാമീണ ടൂറിസം പ്രോൽസാഹിപ്പിക്കുക, കല, സംസ്കാരം, പൈതൃകം, നാടൻ കളികൾ എന്നിവയെ ടൂറിസത്തിലൂടെ പ്രചരിപ്പിച്ചു സംരക്ഷിക്കുക, പാർശ്വവൽകൃത ജനവിഭാഗങ്ങൾ, ഭിന്നശേഷിക്കാർ, വനിതകൾ, ഭിന്നലിംഗക്കാർ എന്നിവർക്ക് ടൂറിസം മേഖലയിൽ അവസരം ഉറപ്പാക്കുക, പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക എന്നിവയെല്ലാം ഉത്തരവാദിത്ത ടൂറിസം മിഷന്റെ ലക്ഷ്യങ്ങളാണ്.

| | | | |
|---|---|---|---|
| ബി) | ഇതിന്റെ ഭാഗമായി അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് എന്തെല്ലാം തൊഴിൽ സാധ്യതകളാണ് വിനോദസഞ്ചാര മേഖലയിൽ | ബി) | സംരംഭകത്വം, ടൂറിസം അനുബന്ധ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംഭരണം, വിപണനം, ടൂറിസം വ്യവസായ സ്ഥാപനങ്ങളിലെ നേരിട്ടുള്ള വിവിധ തൊഴിലുകൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമായി അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ തൊഴിൽ സാധ്യതയായി കണ്ടെത്തിയിട്ടുണ്ട്. ഇതിലേക്കായി ഉത്തരവാദിത്ത ടൂറിസം മിഷൻ വിവിധ പരിശീലന പരിപാടികളും നടത്തുന്നതാണ്. ഇതിന് |

കണ്ടെത്താൻ സാധിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

പുറമേ ഒരു ഓൺലൈൻ ഹ്യൂമൺ റിസോഴ്സ് ഡയറക്ടറിയും തയ്യാറാക്കുന്നുണ്ട്. ഇതൊരു ഓൺലൈൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പോലെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്ത്വത്തിൽ പ്രവർത്തിക്കും.

സി) പ്രവാസികളുടെയും താത്പര്യമുള്ള സംരംഭകരുടെയും സഹായത്തോടെ പ്രസ്തുത മേഖലയിൽ മുന്നേറ്റം കൊണ്ടു വരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

സി) താമസ സൗകര്യം ഒരുക്കൽ, ടൂർ പാക്കേജിംഗ്, അനുബന്ധ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിപണനം, മാലിന്യ സംസ്കരണം, കുടിവെള്ള സൗകര്യം ഒരുക്കൽ എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രവാസികളുടെയും താൽപ്പര്യമുള്ള സംരംഭകരുടെയും സഹായത്തോടെ മുന്നേറ്റം കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കേരള ഉത്തരവാദിത്ത ടൂറിസം നെറ്റ് വർക്ക് രൂപപ്പെടുത്തിവരുന്നു. പുതുതായി 1000 ഹോംസ്റ്റേകൾ, 300 ഫാംസ്റ്റേകൾ എന്നിവ ആരംഭിക്കുന്നതിനുള്ള പ്രവർത്തനം ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ചിട്ടുണ്ട്. ടൂർ ഗൈഡിങ്, സ്റ്റോറി ടെല്ലിംഗ്, നാച്ചുറലിസ്റ്റ് ബേർഡ് വാച്ചിംഗ് എസ്കോർട്ട് തുടങ്ങിയവയ്ക്കുള്ള പരിശീലനങ്ങളും ഫെബ്രുവരിയിൽ ആരംഭിക്കുന്നതാണ്. സ്റ്റാർട്ട് അപ് മിഷനുമായി ചേർന്ന് യുവസംരഭകരെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും മിഷൻ ആരംഭിച്ച് നടപ്പാക്കും. എക്സ്പീരിയെൻഷ്യൽ ടൂറുകൾക്ക് പ്രാധാന്യം നൽകുന്ന സംരംഭങ്ങൾ ഇതിന്റെ ഭാഗമായി ആരംഭിക്കും. ടൂറിസം കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രാദേശിക പങ്കാളിത്തത്തോടെ കുടിവെള്ള സൗഹൃദ ശൃംഖലകൾ നടപ്പാക്കും. ഇത് പ്രവാസികൾ യുവസംരംഭകർ, കുടുംബശ്രീകൾ എന്നിവയുമായി ചേർന്ന് ഒരു ബിസിനസ് മാതൃകയായാണ് തയ്യാറാക്കുന്നത്.

സെക്ഷൻ ഓഫീസർ